55/DGE/HSE/NSS/2024


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com


തീയതി : 19.06.2024

# സർക്കുലർ

**വിഷയം :** **2023 ഡിസംബറിൽ നടന്ന സപ്തദിന സഹവാസക്യാമ്പിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികൾക്ക് 2024 ഡിസംബർ ക്യാമ്പിൽ പങ്കെടുക്കാൻ അനുമതി നൽകുന്നത് - സംബന്ധിച്ച്**

**സൂചന :** **ഹയർ സെക്കന്ററി എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ 14/11/2023 ലെ 84/DGE/HSE/NSS/2023 നമ്പർ സർക്കുലർ.**

2023 ഡിസംബറിൽ നടന്ന സപ്തദിന സഹവാസക്യാമ്പിൽ പങ്കെടുക്കാത്ത വോളന്റിയർമാർക്ക് 2024 ഡിസംബറിൽ സംഘടിപ്പിക്കുന്ന ക്യാമ്പിൽ പങ്കെടുക്കുന്നതിനുള്ള അനുമതി നൽകുന്നതിനായി ജില്ലാതലത്തിൽ അതതു ജില്ലാ കൺവീനർമാരുടെ നേതൃത്വത്തിൽ രേഖകൾ പരിശോധിച്ച് സംസ്ഥാന സെല്ലിന് റിപ്പോർട്ട് നൽകേണ്ടതാണ്.

ജില്ലാ കൺവീനർമാർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ സൂക്ഷ്മപരിശോധനയ്ക്കുശേഷം 2024 ഡിസംബർ ക്യാമ്പിൽ പങ്കെടുക്കാൻ അർഹരായ രണ്ടാംവർഷ വോളന്റിയർമാരുടെ പേരുകൾ ജില്ലയും വിദ്യാലയവും തിരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത വോളന്റിയർമാർ സമർപ്പിച്ച രേഖകളുടെ അസ്സൽ പകർപ്പ് യൂണിറ്റിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

അസുഖം മൂലം ക്യാമ്പിൽ ഹാജരാകാൻ കഴിയാതിരുന്ന വോളന്റിയർമാരുടെ അന്നേ ദിവസങ്ങളിലെ മെഡിക്കൽ സർട്ടിഫിക്കറ്റ്, സ്വന്തം വീട്ടിൽ താമസിക്കുന്ന അടുത്തബന്ധുക്കളുടെ (മാതാപിതാക്കൾ, സഹോദരങ്ങൾ) വിയോഗത്താൽ ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാതിരുന്നവരുടെ ടി വിവരം വ്യക്തമാക്കുന്ന സ്കൂൾ പ്രിൻസിപ്പലിന്റെ കത്ത് എന്നിവ ക്യാമ്പിൽ പങ്കെടുക്കാനുള്ള രേഖകളായി സ്വീകരിക്കാവുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കാൻ അനുമതി നൽകാവുന്ന വോളന്റിയർമാരുടെയും അനുമതി നിരസിച്ച വോളന്റിയർമാരുടെയും പ്രത്യേകം ലിസ്റ്റ് ക്രോഡീകരണത്തോടെ ടി അദാലത്തിൽ പങ്കെടുത്ത പ്രതിനിധികളുടെ പേരും സംഘടിപ്പിച്ച സ്ഥലവും പരാമർശിച്ച് ജൂലൈ 12 നകം ജില്ലാ കൺവീനർമാർ എൻ.എസ്.എസ്. സെല്ലിൽ സമർപ്പിക്കേണ്ടതാണ്.

ജില്ലാ തലത്തിൽ അദാലത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്ന വോളന്റിയർമാർക്കായി റീജിയണൽ തലത്തിൽ അനുയോജ്യമായ ദിവസം ഹിയറിംഗ് സംഘടിപ്പിക്കാവുന്നതാണ്.

പ്രോഗ്രാം കോ-ഓർഡിനേറ്റർ